**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 39** **07-06-2021 - ൽ മറുപടിയ്ക്ക്**

**സിൽവർലൈൻ സെമി ഹൈസ്പീഡ് റെയിൽവേ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്‌തീൻ ,<br>ശ്രീ. പി. നന്ദകുമാർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ എം രാജഗോപാലൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ്- തിരുവനന്തപുരം യാത്രാസമയം മൂന്നിലൊന്നായി കുറയ്ക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച "സിൽവർ ലൈൻ" എന്ന പേരിലുള്ള സെമി ഹൈസ്പീഡ് റെയിൽവേ കോറിഡോർ പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ആയത് എന്തൊക്കെയാണ്; | (എ) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായുള്ള "സിൽവർ ലൈൻ" ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായിയുള്ള മൂന്നും നാലും പാതകൾ / ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും, നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. 532 കി.മീ ദൈർഘ്യമുള്ളതും 11 ജില്ലകളിൽകൂടി കടന്നു പോകുന്ന ഈ പാതയ്ക്ക് 10 സ്റ്റേഷനുകളാണുള്ളത്. 26.08.2019 ലെ സ.ഉ(കൈ) നം. 43/2019/ഗതാ പ്രകാരം റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയ്ക്കായി "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് റെയിൽവേ ബോർഡ് തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11.06.2020 ലെ സ.ഉ(കൈ) നം. 18/2020/ഗതാ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണ ഘട്ടത്തിൽ 63941 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. റെയിൽവേ ബോർഡിന്റെയും, കേന്ദ്ര സർക്കാരിന്റെയും അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണവും മറ്റ് |

| | | | |
|---|---|---|---|
| | | | അനുബന്ധ പ്രവർത്തനങ്ങളും 2021-2022 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനും 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി വിദേശ വായ്പാ ഏജൻസികളിൽ നിന്നുമുള്ള ധനസഹായത്തിന് കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ - റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിയ്ക്കാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ചെലവ് കണക്കാക്കിയിട്ടുണ്ടോ; പദ്ധതി എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്; | (ബി) | തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ സെമീ ഹൈസ്പീഡ് ട്രെയിനുകൾക്കായുള്ള "സിൽവർ ലൈൻ" ശരാശരി 180 മുതൽ 200 കിലോമീറ്റർ വരെ വേഗത്തിൽ ട്രെയിനുകൾ സഞ്ചരിക്കുന്നതിനായിയുള്ള മൂന്നും നാലും പാതകൾ / ഗ്രീൻഫീൽഡ് കോറിഡോറാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇത് പ്രകാരം തിരുവനന്തപുരത്ത് നിന്നും ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്തും, നാലുമണിക്കൂറിനുള്ളിൽ കാസർഗോഡും എത്തിച്ചേരുവാൻ സാധിക്കും. 532 കി.മീ ദൈർഘ്യമുള്ളതും 11 ജില്ലകളിൽകൂടി കടന്നു പോകുന്ന ഈ പാതയ്ക്ക് 10 സ്റ്റേഷനുകളാണുള്ളത്. 26.08.2019 ലെ സ.ഉ(കൈ) നം. 43/2019/ഗതാ പ്രകാരം റെയിൽവേ ബോർഡിന്റെ അംഗീകാരം ലഭ്യമായതിനു ശേഷം മാത്രം വാല്യൂ ക്യാപ്ച്ചറിംഗ്, ധന സമാഹരണം മുതലായവ ആരംഭിക്കുന്നതാണെന്ന വ്യവസ്ഥയിൽ ഈ പദ്ധതിയ്ക്കായി "സിസ്ട്ര" സമർപ്പിച്ച സാധ്യതാ പഠന റിപ്പോർട്ടും അലൈൻമെന്റും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ പദ്ധതിക്ക് റെയിൽവേ ബോർഡ് തത്ത്വത്തിൽ അനുമതി നൽകിയിട്ടുണ്ട്. അലൈൻമെന്റോടുകൂടിയ വിശദ പദ്ധതി റിപ്പോർട്ടിന് 11.06.2020 ലെ സ.ഉ(കൈ) നം. 18/2020/ഗതാ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി റിപ്പോർട്ട് കേന്ദ്ര റെയിൽവേ ബോർഡ്, DEA, കേന്ദ്ര മന്ത്രിസഭ എന്നിവയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പൂർത്തീകരണ ഘട്ടത്തിൽ 63941 കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. റെയിൽവേ ബോർഡിന്റെയും, കേന്ദ്ര സർക്കാരിന്റെയും അംഗീകാരം ലഭ്യമാക്കുന്ന മുറയ്ക്ക് നിർമ്മാണവും മറ്റ് അനുബന്ധ പ്രവർത്തനങ്ങളും 2021-2022 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനും 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതിക്കായി വിദേശ വായ്പാ |

| | | | |
|---|---|---|---|
| | | | ഏജൻസികളിൽ നിന്നുമുള്ള ധനസഹായത്തിന് കേന്ദ്ര സാമ്പത്തിക കാര്യ വകുപ്പ് ശുപാർശ ചെയ്തിട്ടുണ്ട്. ഈ പദ്ധതിയുടെ മേൽനോട്ടം കേരള സർക്കാർ - റെയിൽവേ മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്ന കമ്പനിയ്ക്കാണ്. |
| (സി) | 'സെമി ഹൈസ്പീഡ് റെയിൽ പദ്ധതി' സമയബന്ധിതമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ അടക്കമുള്ള പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനായി എന്തെല്ലാം അടിയന്തിര നടപടികളാണ് സർക്കാർ സ്വീകരിക്കാനുദ്ദേശിക്കുന്നത്? | (സി) | സിൽവർലൈൻ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയകൾ വേഗത്തിലാക്കുവാനും വളരെ ചുരുങ്ങിയ സമയത്തിനുള്ളിൽ സ്ഥലമേറ്റെടുപ്പും മറ്റും പൂർത്തീകരിക്കുന്നതിനും വിവിധ നടപടികൾ സ്വീകരിച്ചു വരുന്നു. Right to Fair Compensation and Transparency in Land Acquisition Re-habilitation and Re-settlement (RFCTLARR) ആക്ടിന്റെ നയങ്ങൾക്ക് അനുസൃതമായുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഇതിനായി റവന്യൂ വകുപ്പിനു കീഴിൽ ഒരു ലാൻറ് അക്വസിഷൻ പോർട്ടൽ രൂപീകരിച്ച് പ്രവൃത്തികളെല്ലാം ഡിജിറ്റലൈസ് ചെയ്തുകൊണ്ടുള്ള ഭൂമി ഏറ്റെടുക്കൽ നടപടികളാണ് നിലവിൽ വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ ഭൂമി ഏറ്റെടുക്കേണ്ട ജില്ലകളിൽ ഡെപ്യൂട്ടി കളക്ടർമാരുടെ മേൽനോട്ടത്തിൽ പ്രത്യേക സെൽ രൂപീകരിച്ച് ഈ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ